പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2888

02.04.2013 ൽ മറുപടിക്ക്

**റേഷൻ കട വഴി വിതരണം ചെയ്യുന്ന അരി**

**ചോദ്യം**

ശ്രീ. എ.എ. അസീസ് :

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് റേഷൻ കട വഴി വിവിധതരം അരി എന്ത് വിലയ്ക്കാണ് എ.പി.എൽ, ബി.പി.എൽ വിഭാഗങ്ങൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് റേഷൻ കട വഴി 2013 മാർച്ച് മാസത്തിൽ വിതരണം ചെയ്യുന്ന അരിയുടെ അളവ് ചുവടെ ചേർക്കുന്നു.

| ഇനം | നിരക്ക് രൂപയിൽ | അളവ്/ Kg |
|---|---|---|
| ബി.പി.എൽ | 1<br>6.20 | 25 Kg<br>5 Kg |
| എ.എ.വൈ | 1 | 35 Kg |
| എ.പി.എൽ (സബ്സിഡി) | 2 | 9 Kg |
| എ.പി.എൽ (നോർമൽ) | 8.90 | 10 Kg |
| എ.പി.എൽ (3 ലും 4 ലും പെട്ടവരിൽ 2009 ലെ ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവർ | 6.20 | 19 Kg |

കൂടാതെ 20.50 രൂപ നിരക്കിലുള്ള അരി എല്ലാ കാർഡ് ഉടമകൾക്കും 16.03.2013 വരെ വിതരണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | എ.പി.എൽ, ബിപി.എൽ വ്യത്യാസമില്ലാതെ 20 രൂപ 50 പൈസയ്ക്ക് റേഷൻകടകൾ വഴി വിതരണം ചെയ്തു വരുന്ന അരി വിതരണം നിറുത്തി വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ' ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) | റേഷൻ കടകൾ വഴി 20.50 രൂപ നിരക്കിൽ വിതരണത്തിന് അനുവദിച്ചിരുന്ന അരിയുടെ വിതരണം 16.03.2013 വരെയായി നിജപ്പെടുത്തിയിരുന്നു. നിലവിൽ എ.പി.എൽ, ബി.പി;എൽ വിഭാഗങ്ങളിലെ കാർഡുടമകൾക്ക് വിതരണത്തിനായി കുറഞ്ഞ നിരക്കിൽ അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾക്ക് പുറമേ അധികമായി ഭക്ഷ്യധാന്യങ്ങൾ ആവശ്യമുള്ള കാർഡുടമകൾക്ക് നല്കുന്നതിനായാണ് 20.50 രൂപ നിരക്കിൽ അരിവിതരണം നടത്തിയിരുന്നത്. എന്നാൽ ഈ ആനുകൂല്യം ദുരുപയോഗം ചെയ്ത് കുറഞ്ഞ നിരക്കിൽ മതിയായ അളവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാതെ 20.50 രൂപ നിരക്കിലുള്ള അരി നിർബന്ധപൂർവ്വം വിതരണം ചെയ്യുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് ഇത്തരം തീരുമാനം കൈക്കൊണ്ടത്. |
| (സി) | 20 രൂപ 50 പൈസയ്ക്ക് ഉപഭോക്താവിന് ലഭിക്കുന്ന അരി, സർക്കാർ കൂടിയ വിലയ്ക്ക് വിൽക്കാൻ അനുവദിച്ചിട്ടുള്ള അരി തന്നെയാണ് എന്ന് ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) | ഓരോ വിഭാഗത്തിനും ലഭിക്കുന്ന അരിയുടെ വിഹിതം വിവിധ പത്രമാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്താറുണ്ട്. ഓരോ ഇനത്തിന്റെയും വിലയും അളവും സൂചിപ്പിക്കുന്ന ബോർഡ് റേഷൻ കടകളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.